# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1926.

01.02.2018 ൽ
മറുപടിക്ക്

## വനിതാ സബ് ഇൻസ്പെക്ടർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വനിതാ സബ് ഇൻസ്പെക്ടർമാർക്ക് പോലീസ് സ്റ്റേഷനുകളിൽ പ്രിൻസിപ്പൽ എസ്.ഐ യുടെ ചുമതല നൽകാറുണ്ടോ ; | (എ) നൽകാറുണ്ട്. |
| (ബി) എത്ര പോലീസ് സ്റ്റേഷനുകളിലാണ് വനിതകൾക്ക് പ്രിൻസിപ്പൽ എസ്.ഐ ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്ത് 14 പോലീസ് സ്റ്റേഷനുകളിൽ വനിതകൾക്ക് പ്രിൻസിപ്പൽ എസ്.ഐ-യുടെ ചുമതല നൽകിയിട്ടുണ്ട്. ഇതിൽ കൊച്ചി സിറ്റിയിലെ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ വനിതാ പോലീസ് ഇൻസ്പെക്ടർക്കാണ് ചുമതല. |
| (സി) സംസ്ഥാനത്ത് ആകെ എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട് എന്നും അവയിൽ എത്രയെണ്ണത്തിലാണ് വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രധാന ചുമതല നൽകിയിട്ടുള്ളതെന്നുമുള്ള വ്യക്തമായ കണക്ക് ലഭ്യമാക്കുമോ; | (സി) സംസ്ഥാനത്ത് ആകെ 527 പോലീസ് സ്റ്റേഷനുകൾ ഉണ്ട്. അവയിൽ 14 പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വനിതാ പോലീസ് ഉദ്യോഗസ്ഥർ സ്റ്റേഷൻ ചുമതല വഹിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ പേര്, വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | പോലീസ് സ്റ്റേഷന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | വനിതാ പി.എസ് |
| 2 | കൊല്ലം സിറ്റി | വനിതാ പി.എസ് |
| 3 | പത്തനംതിട്ട | തണ്ണിത്തോട് പി.എസ് |
| 4 | ആലപ്പുഴ | വനിതാ പി.എസ് |
| 5 | കോട്ടയം | വനിതാ പി.എസ് |
| 6 | ഇടുക്കി | കുളമാവ് പി.എസ് |
| 7 | എറണാകുളം സിറ്റി | വനിതാ പി.എസ് |
| 8 | എറണാകുളം സിറ്റി | ഇൻഫോപാർക്ക് പി.എസ് |
| 9 | തൃശ്ശൂർ സിറ്റി | വനിതാ പി.എസ് |
| 10 | തൃശ്ശൂർ റൂറൽ | വനിതാ പി.എസ്, ഇരിങ്ങാലക്കുട |
| 11 | കോഴിക്കോട് സിറ്റി | വനിതാ പി.എസ് |
| 12 | കോഴിക്കോട് സിറ്റി | ചെമ്മങ്ങാട് പി.എസ് |
| 13 | കണ്ണൂർ | പയ്യാവൂർ പി.എസ് |
| 14 | കണ്ണൂർ | വനിതാ പി.എസ് |

| | |
|---|---|
| (ഡി) ഉത്തരവാദിത്തപ്പെട്ട പോലീസ് തസ്തികകളിൽ വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിലവിൽ കോൺസ്റ്റാബുലറി തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 15% വനിതാ കോൺസ്റ്റബിൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തുവരുന്നു. സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഘട്ടം ഘട്ടമായി 15% ആക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി 30.01.2017 ലെ സ.ഉ(കൈ)നം. 15/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവീൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. |

Rajani (signature)

സെക്ഷൻ ഓഫീസർ